| | | | |
|---|---|---|---|
| 14. | കോന്നി നാരായണപുരം മാർക്കറ്റിലുള്ള വഴിയിടം (കംഫർട്ട് സ്റ്റേഷൻ) ഫീസ് പിരിക്കുന്നതിനുള്ള അവകാശം. (KGNS No.26) | 2500/- രൂപ | ” |
| 15. | കോന്നി നാരായണപുരം മാർക്കറ്റ് ആധുനിക മത്സ്യ സ്റ്റാളിലെ 49 എണ്ണം മത്സ്യ സ്റ്റാളുകൾ. | 2500/- രൂപ | ” |
| 27. | കോന്നി നാരായണപുരം പബ്ളിക്ക് മാർക്കറ്റിൽ സസ്യ, മത്സ്യ വിഭാഗത്തിൽ നിന്നും (ആധുനിക മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ, വാഴക്കുല ഒഴികെ.) പഞ്ചായത്ത് നിയമ പ്രകാരം ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം. | 2500/- രൂപ | ” |

## ക്വട്ടേഷൻ

| ക്രമ നമ്പർ | ലേല ഇനം | കെട്ടിവയ്ക്കേണ്ട നിരതദ്രവ്യം | ലേലം കഴിഞ്ഞാലുടൻ അടയ്ക്കേണ്ട തുക |
|---|---|---|---|
| 1. | കോന്നി ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ കോടത്തേത്തുപടി കുരിശുംമൂടിന് സമീപം പൊതുസ്ഥലത്ത് നിന്നിരുന്ന മുറിച്ചുമാറ്റിയ മരങ്ങൾ (പ്ലാവ്-3, മരുതി-1, ഞാവൽ-2) | 6000/- രൂപ | ലേല സംഖ്യ മുഴുവനായിട്ട് |
| 2. | കോന്നി ഗ്രാമപഞ്ചായത്തിലെ തുമ്പൂർമൂഴി മെയിന്റനൻസ് പ്രവൃത്തി നടത്തിയപ്പോൾ ലഭ്യമായ പഴയ ഗ്രിൽ | 500/- രൂപ | ” |
| 3. | ആഞ്ഞിലികുന്ന് സബ്സെന്റർ മെയിന്റൻസ് നടത്തിയപ്പോൾ ലഭ്യമായ പഴയ ഗ്രിൽ, കതക്, കട്ടിള | 100/- രൂപ | ” |

## *നിബന്ധനകൾ/വ്യവസ്ഥകൾ*

1. മേൽപട്ടികകളിലുള്ള ഫീസ് പിരിവ് അവകാശം പഞ്ചായത്ത് ബൈലോകളിലെ നിരക്ക് അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ചും മാത്രമായിരിക്കണം. ആയതിലേക്ക് നിരക്ക് കാണിക്കുന്ന വിവിധ നിറത്തിലുള്ള ടിക്കറ്റുകൾ ലേലക്കാർ സ്വന്തം ചെലവിൽ അച്ചടിച്ച് തുടർച്ചയായി മെഷീൻ നമ്പർ ഇട്ട് പഞ്ചായത്തിൽ ഹാജരാക്കി പഞ്ചായത്ത് അനുമതിയോടുകൂടി പഞ്ചായത്ത് സീൽ പതിച്ച രസീത് മാത്രം നൽകി ഫീസ് പിരിവ് നടത്തേണ്ടതാണ്. നിശ്ചിത നിരക്കിൽ കൂടുതൽ ഫീസ് പിരിക്കുന്നതായാൽ ലേലാവകാശം 7 ദിവസം മുൻകൂർ നോട്ടീസോടുകൂടി അസ്ഥിരപ്പെടുത്തുന്നതിനും ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതുമായിരിക്കും.
2. ഈ ലേലവ്യവസ്ഥകളിൽ ഏതെങ്കിലും നിബന്ധനകൾ എടുത്തുപറയുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനും തൽസംബന്ധമായ ചട്ടങ്ങളിലും പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾക്കും ലേലവുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റെല്ലാ നിയമങ്ങൾക്കും വിധേയമായിരിക്കുന്നതാണ്.
3. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994ലെ) 221ാം വകുപ്പിലെ നിബന്ധനകൾക്കും, 1996ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വാകാര്യ മാർക്കറ്റുകളുടെ നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾക്കും, ടി ചട്ടങ്ങളിലും, നിബന്ധനകളിലും ഉണ്ടാകുന്ന ഭേദഗതികൾക്കും വിധേയമായി പ്രവർത്തിക്കേണ്ടത് ലേല അവകാശം ഏറ്റെടുക്കുന്ന ആളിന്റെ ഉത്തരവാദിത്വമായിരിക്കുന്നതാണ്.
4. സ്റ്റാളുകളുടെ നടത്തിപ്പ് ലൈസൻസ് ലേലം വഴി നൽകുന്നതാണ്.
5. സ്റ്റാളുകൾക്ക് നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ വാടക തുകയിൽ ലേലം ആരംഭിക്കുന്നതും കൂടുതൽ തുകയ്ക്ക് ലേലം വിളി കേട്ട ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ടിയാൻ അപ്പോൾതന്നെ മൊത്തം തുകയുടെ (ഒരു വർഷത്തെ വാടകത്തുകയുടെ) 1/4 തുക നിരതദ്രവ്യം ഉൾപ്പെടെ സെക്യൂരിറ്റി ഇനത്തിൽ റൊക്കം പണമായി കെട്ടി വയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം കണ്ടുകെട്ടി പുനർലേലം അപ്പോൾ തന്നെ നടത്തുന്നതാണ്. ലേലത്തുകയ്ക്ക് പ്രാബല്യത്തിലുള്ള ജി.എസ്.റ്റി.യും മറ്റ് നിയമപ്രകാരമുള്ള നികുതികളും ബാധകമാണ്.
6. ഏതൊരു ലേലവും സ്ഥിരപ്പെടുത്തുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും. ലേലം പൂർണമായോ ഭാഗീകമായോ നിർത്തി വയ്ക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ ലേല ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തെ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങളിൽ സെക്രട്ടറിയുടെ/ ലേലം നടത്തുന്ന ആളിന്റെ തീരുമാനം അന്തിമമായിരിക്കും.
7. ലേലം അംഗീകരിച്ച് അറിവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ലൈസൻസി 500 രൂപ/- വിലയുള്ള മുദ്രപ്പത്രത്തിൽ പഞ്ചായത്തിനു വേണ്ടി സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാറിൽ ഏർപ്പെടാത്ത പക്ഷം അവർ ഈ ഇനത്തിൽ കെട്ടിവച്ച മുഴുവൻ തുകയും പഞ്ചായത്തു ഫണ്ടിൽ മുതൽ കൂട്ടി പുനർലേലം നടത്തുന്നതാണ്.
8. സ്റ്റാളുകൾക്ക് എന്തെങ്കിലും തകരാറുകൾ ഉണ്ടാക്കുന്ന പക്ഷം ആയത് പഞ്ചായത്തിലെ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ യഥാസമയം റിപ്പയർ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ലൈസൻസിക്കായിരിക്കും. ലൈസൻസ് പുതുക്കി കിട്ടുന്നതിന്/ ലൈസൻസ് അവസാനിപ്പിക്കുന്നതിന് അപേക്ഷ നൽകുമ്പോൾ പഞ്ചായത്തിലെ അസിസ്റ്റൻറ് എഞ്ചിനീയറുടെ ഇതു സംബന്ധിച്ചുള്ള റിപ്പോർട്ടു കൂടി ഹാജരാക്കിയിരിക്കേണ്ടതാണ്. വ്യവസ്ഥ പ്രകാരം വാട്ടർ കണക്ഷൻ എടുക്കുന്നതിനും ലൈസൻസിക്ക് അനുമതി നൽകുന്നതാണ്.
9. ലൈസൻസ് കാലാവധിക്കുള്ളിൽ ലൈസൻസി സ്വമേധയാ കെട്ടിടം ഒഴിയാനാഗ്രഹിക്കുന്ന പക്ഷം ഇതു സംബന്ധിച്ച അറിയിപ്പ് മൂന്ന് മാസങ്ങൾക്ക് മുമ്പായി രജിസ്റ്റേഡ് തപാൽ മുഖേന/നേരിട്ട് സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. കരാർ വ്യവസ്ഥകൾ ഒന്നും ലംഘിക്കാത്ത പക്ഷം ലൈസൻസി പഞ്ചായത്തിനും കെ.എസ്.ഇ.ബി യിലും വാട്ടർ അതോറിറ്റിയിലും മുഴുവൻ തുകയും അടച്ചു എന്നു ബോദ്ധ്യപ്പെട്ടതിനു ശേഷം സെക്യൂരിറ്റി തുക മടക്കി നൽകുന്നതാണ്. സെക്യൂരിറ്റി തുകയ്ക്ക് പലിശ അനുവദിക്കുന്നതല്ല.
10. ഓരോ മാസത്തെയും വാടക ഫീസ് (നികുതികൾ, സെസ് ഉൾപ്പെടെ) മുൻകൂറായി അതാത് മാസം 5ാം തീയതിയോ അതിനു മുൻപോ പണമായി നൽകേണ്ടതാണ്. (അവസാന ദിവസം പൊതു ഒഴിവ് വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം) തുടർച്ചയായി 3 മാസക്കാലം കുടിശിക വരുത്തിയാൽ പ്രത്യേക നോട്ടീസ് കൂടാതെ കരാർ റദ്ദാക്കി ലൈസൻസിയെ ഒഴിപ്പിച്ച് ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതാണ്.
11. ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്ന ഏതൊരവസരത്തിലും സെക്യൂരിറ്റി തുക മുഴുവൻ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ ലൈസൻസിയിൽ നിന്നും ലഭിക്കുവാനുള്ള നികുതി കുടിശ്ശിക ഈടാക്കുന്ന രീതിയിൽ വസൂൽ ചെയ്യുന്നതാണ്.
12. ലേലം സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ 31.03.2026 വരെയായിരിക്കും വാടക കാലാവധി. എന്നാൽ യാതൊരു കുടിശികയും വരുത്താത്ത ലൈസൻസിക്ക് രേഖാമൂലമുള്ള അപേക്ഷ പ്രകാരം ലൈസൻസ് ഫീസ് സെക്യൂരിറ്റി എന്നിവയിൽ വർദ്ധനവ് വരുത്തിക്കൊണ്ടും ആവശ്യമായ വ്യവസ്ഥകൾ കൂട്ടിച്ചേർത്തും കരാർവെപ്പിച്ചും ലൈസൻസിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഇതൊരവകാശമായി ലൈസൻസി കരുതാൻ പാടില്ലാത്തതാണ്. കാലാവധി ദീർഘിപ്പിക്കുവാനുള്ള അപേക്ഷ കാലാവധി അവസാനിപ്പിക്കുന്നതിന് 30 ദിവസം മുമ്പെങ്കിലും സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച് 21 ദിവസത്തിനുള്ളിൽ പഞ്ചായത്ത് തീരുമാനം എടുക്കേണ്ടതും ഈ വിവരം ലൈസൻസിയെ രജിസ്റ്റേർഡ് തപാൽ മുഖേനയോ നേരിട്ടോ അറിയിക്കുന്നതും പഞ്ചായത്തിൻറെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.
13. ലേലം കൊണ്ട സ്റ്റാളിന്റെ ഏതെങ്കിലും ഭാഗത്ത് പഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ യാതൊരുവിധ ഫിറ്റിങ്ങുകളോ, എടുപ്പുകളുടെയും ചേർപ്പുകളുടെയും നിർമ്മാണമോ ചെയ്യാൻ പാടില്ലാത്തതും കെട്ടിടത്തിനു കേടുപാടുണ്ടാകുന്ന യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടില്ലാത്തതുമാണ്.
14. പ്രകൃതിക്ഷോഭം പോലുള്ള അപ്രതീക്ഷിത കാരണങ്ങളാൽ ലേലം കൊണ്ടയാൾക്ക് സംഭവിക്കാവുന്ന യാതൊരു കഷ്ട നഷ്ടത്തിനും പഞ്ചായത്ത് ഉത്തരവാദി ആകുന്നതല്ല.
15. ലേലംകൊണ്ട സ്റ്റാളിൽ മത്സ്യ വ്യാപാരം ഒഴികെ തീയും പുകയും ഉണ്ടാകുന്ന വ്യാപാരങ്ങളോ, ഉപ്പ്, വളം, സ്ഫോടക വസ്തുക്കൾ ലഹരി പദാർത്ഥങ്ങൾ, സർക്കാർ നിരോധിച്ച പ്ലാസ്റ്റിക് ഉല്പന്നങ്ങൾ എന്നിവയുടെ കച്ചവടമോ സർക്കാർ നിയമപ്രകാരം നിരോധിച്ചിട്ടുള്ള സാധനങ്ങളുടെ സൂക്ഷിപ്പോ കച്ചവടമോ ചെയ്യാൻ പാടില്ല.
16. ലേലവ്യവസ്ഥകളിൽ കൂട്ടിച്ചേർക്കൽ, ഭേദഗതി മുതലായവ വരുത്തുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും.
17. ലൈസൻസ് കാലയളവിൽ സ്റ്റാളുകളിൽ വ്യാപാര ആവശ്യത്തിന് എന്തെങ്കിലും ഫിറ്റിംഗുകളോ കൂട്ടിച്ചേർക്കലോ ആവശ്യമായി വന്നാൽ പഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങി പഞ്ചായത്ത് എഞ്ചിനീയറുടെ സൂപ്പർവിഷനിൽ പ്രവൃത്തി നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം ലൈസൻസ് വ്യവസ്ഥകളുടെ ലംഘനമായി പരിഗണിച്ച് നടപടി എടുക്കുന്നതായിരിക്കും.
18. കെട്ടിടത്തിന് കാലാകാലങ്ങളിലുള്ള അറ്റകുറ്റ പണികൾക്ക് സ്റ്റാളുകളിലും കെട്ടിടത്തിലും എഞ്ചിനീയർക്കും ഉദ്യോഗസ്ഥർക്കും പ്രവേശിച്ച് പരിശോധിക്കുന്നതിനും കരാറുകാർ/അവരുടെ തൊഴിലാളികൾ മുറികളിൽ പ്രവേശിച്ചു പരിശോധിക്കുന്നതിനും പ്രവർത്തി നടത്തുന്നതും ലൈസൻസി തടസപ്പെടുത്താൻ പാടില്ലാത്തതാണ്.

19. വാർഷിക പരിശോധനയിൽ ലൈസൻസിയുടെ കൃത്യവിലോപം മൂലം സ്റ്റാളിന് ഏതെങ്കിലും തരത്തിലുള്ള തകരാർ ഉണ്ടായതായി കണ്ടെത്തുന്ന പക്ഷം ആയത് പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം പഞ്ചായത്ത് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ലൈസൻസി തന്നെ നടത്തേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്ത് ആയത് പൂർത്തീകരിക്കുന്നതും ചെലവ് കാരണക്കാരായ ലൈസൻസിയുടെ സെക്യൂരിറ്റി തുകയിൽ നിന്നും വസൂലാക്കുന്നതും ആയത് മതിയാകാതെ വന്നാൽ നികുതി കുടിശിക എന്ന രീതിയിൽ കണക്കാക്കി ബാക്കി തുക ഈടാക്കുന്നതുമായിരിക്കും. സ്റ്റാളുകളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, പ്ലബ്ബിംഗ് ഫിറ്റിംഗ്സ്, സിവിൽ വർക്ക്സ് എന്നിവയ്ക്ക് തകരാറുകൾ വരാതെ സംരക്ഷിക്കേണ്ടത് ലേലം കൊണ്ടയാളിന്റെ ഉത്തരവാദിത്വമാണ്.
20. ലൈസൻസ് കാലയളവിൽ കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ മെയിൻറനൻസുകൾ പുതിയ നിലയുടെ നിർമ്മാണം മുതലായവ നടത്തുവാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.
21. ലൈസൻസ് കാലയളവിൽ ലൈസൻസി പഞ്ചായത്തിന്റെ അനുമതിയില്ലാതെ ലേലാവകാശം മറ്റൊരാൾക്ക് കൈമാറുവാൻ പാടില്ല. ലേലം വിളി കേട്ട ആൾ തന്നെ ലൈസൻസിയായി വ്യാപാരം നടത്തേണ്ടതാണ്. ലേലാവകാശം/ ലൈസൻസ് ഏതെങ്കിലും ഘട്ടത്തിൽ കൈമാറ്റം ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ ലേലാവകാശം റദ്ദാക്കി സ്റ്റാൾ പഞ്ചായത്ത് ഏറ്റെടുക്കുന്നതും സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതുമായിരിക്കും.
22. വ്യാപാരത്തിന്റെ ഭാഗമായുള്ള മാലിന്യങ്ങൾ സംസ്കരിക്കേണ്ട ഉത്തരവാദിത്വം ലൈസൻസി/ലേലം കൊണ്ടആളിന്റെ ഉത്തരവാദിത്തമായിരിക്കും. ലൈസൻസിക്ക് ആവശ്യമെങ്കിൽ സേവനചെലവ് കൊടുത്ത് പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാൻറിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. ആയത് സാധിക്കാത്ത പക്ഷം സ്വന്തം നിലയിൽ മാലിന്യ സംസ്കരണം നടത്തേണ്ടതാണ്. ആയതിനു പഞ്ചായത്തിന്റെ ഭൂമി ഉപയോഗിക്കുവാൻ പാടില്ല.
23. കാലാകാലങ്ങളിൽ ഉണ്ടാകുന്ന സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും, നിയമങ്ങളും, നിയമഭേദഗതികളും കോടതി വിധികളും ഇവയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നൽകുന്ന നിർദ്ദേശങ്ങളും അനുസരിക്കുവാനും അതിനനുസരിച്ച് പ്രവർത്തിക്കുവാനും ലേലം കൊണ്ടയാൾ ബാദ്ധ്യസ്ഥനായിരിക്കും.
24. ലേലം വിളി കേട്ടയാൾ സ്റ്റാളിൽ ചെയ്യുന്ന മത്സ്യവ്യാപാരത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ടു ഫാക്ടറീസ്/ട്രേഡ്സ്, എൻറർപ്രണർഷിപ്പ് ആക്ടിവിറ്റീസ് & അതർ സർവ്വീസസ് ചട്ടങ്ങൾ പ്രകാരം പ്രത്യേകം ലൈസൻസ് എടുത്തിരിക്കേണ്ടതാണ്.
25. ലേലനോട്ടീസിലെ നിബന്ധനകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.
26. ഓരോ സ്റ്റാളുകളുടേയും ലേലംവിളി ആരംഭിക്കുമ്പോൾ കുറഞ്ഞ ലേലം വിളി സ്റ്റാളിന്റെ പ്രതിമാസ വാടക അടിസ്ഥാനത്തിലായിരിക്കുന്നതാണ്.
27. ലേലം വിളിച്ച് എടുത്ത കടമുറിയുടെ വൈദ്യുതി, വാട്ടർചാർജ്ജുകൾ എന്നിവയുടെ പ്രതിമാസ ബില്ലുകൾ വാടകക്കാരൻതന്നെ ഒടുക്കേണ്ടതാണ്.
28. **കോന്നി ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും തരത്തിലുള്ള കുടിശ്ശികയോ മറ്റ് ബാദ്ധ്യതകളോ ഉള്ള വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കുന്നതിന് അനുമതി ഇല്ലാത്തതാണ്.**

(ഒപ്പ്)
സെക്രട്ടറി,
കോന്നി ഗ്രാമപഞ്ചായത്ത്

കോന്നി
03.04.2025

# കോന്നി ഗ്രാമപഞ്ചായത്ത്

കോന്നി. പി. ഒ., പത്തനംതിട്ട ജില്ല ; പിൻകോഡ്:689691
ഇമെയിൽ: konnigp@gmail.com ഫോൺ :0468 2242223

നം. 400371/GADC18/GPO/2025/19 തീയതി: 03.04.2025

## പുനർ ലേലം/ക്വട്ടേഷൻ നോട്ടീസ് 2025-26

മാന്യരേ,

2025-26 സാമ്പത്തിക വർഷത്തിലേക്ക് കോന്നി ഗ്രാമപഞ്ചായത്തിലെ വിവിധ ലേലങ്ങൾ/ക്വട്ടേഷനുകൾ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി **2025 ഏപ്രിൽ മാസം 22-ാം തീയതി ചൊവ്വാഴ്ച പകൽ 12.00 ന് കോന്നി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ** വച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ, സെക്രട്ടറി നിയമാനുസരണം ചുമതലപ്പെടുത്തി നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. പ്രസ്തുത തീയതി ഒരു പൊതു അവധി ദിവസമായി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവർത്തി ദിവസം സമയത്തിനും വ്യവസ്ഥകൾക്കും മാറ്റമില്ലാതെ ലേലം നടത്തുന്നതാണ്. നിരതദ്രവ്യം ഏപ്രിൽ മാസം 22-ാം തീയതി ചൊവ്വാഴ്ച പകൽ 11 മണിക്ക് മുൻപായി ഒടുക്കേണ്ടതാണ്. ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ നിരതദ്രവ്യം ഒടുക്കുവരുത്തിയ അസ്സൽ രസീത് സഹിതം ഏപ്രിൽ മാസം 22-ാം തീയതി ചൊവ്വാഴ്ച പകൽ 11 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

### പട്ടിക (പുനർ ലേലം)

| ക്രമ നമ്പർ | ലേല ഇനം | കെട്ടിവയ്ക്കേണ്ട നിരതദ്രവ്യം | ലേലം കഴിഞ്ഞാലുടൻ അടയ്ക്കേണ്ട തുക |
|---|---|---|---|
| 1. | കോന്നി പ്രൈവറ്റ് ബസ്സാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.06 (പി.ബി.എസ്സ്.സി. നമ്പർ - 6) | 2500/- രൂപ | ലേല സംഖ്യ മുഴുവനായിട്ട് |
| 2. | കോന്നി പ്രൈവറ്റ് ബസ്സാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.08 (പി.ബി.എസ്സ്.സി. നമ്പർ - 8) | 2500/- രൂപ | ” |
| 3. | കോന്നി പ്രൈവറ്റ് ബസ്സാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.15 (പി.ബി.എസ്സ്.സി. നമ്പർ - 15) | 2500/- രൂപ | ” |
| 4. | കോന്നി പ്രൈവറ്റ് ബസ്സാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.20 (പി.ബി.എസ്സ്.സി. നമ്പർ - 20) | 2500/- രൂപ | ” |
| 5. | കോന്നി പ്രൈവറ്റ് ബസ്സാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.29 (പി.ബി.എസ്സ്.സി. നമ്പർ - 29) | 2500/- രൂപ | ” |
| 6. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.08 (KGNS No.08) (ഭിന്നശേഷി സംവരണം) | 2500/- രൂപ | ” |
| 7. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.13 (KGNS No.13) | 2500/- രൂപ | ” |
| 8. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.14 (KGNS No.14) | 2500/- രൂപ | ” |
| 9. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.15 (KGNS No.15) | 2500/- രൂപ | ” |
| 10. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.17 (KGNS No.17) | 2500/- രൂപ | ” |
| 11. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.20 (KGNS No.20) | 2500/- രൂപ | ” |
| 12. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.23 (KGNS No.23) | 2500/- രൂപ | ” |
| 13. | കോന്നി നാരായണപുരം മാർക്കറ്റ് സ്റ്റാൾ നം.24 (KGNS No.24) | 2500/- രൂപ | ” |